പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.360 27.2.2017 ൽ മറുപടിയ്ക്ക്

## അംഗപരിമിതർക്കായുള്ള ക്ഷേമപദ്ധതികൾ

ചോദ്യം മറുപടി

ശ്രീ.കെ.കുഞ്ഞിരാമൻ

,, ഒ. ആർ. കേളു

,, കെ.വി.വിജയദാസ്

,, ജോൺ ഫെർണാണ്ടസ്

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുന്നതിനായി 'അനുയാത്ര' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) 'അനുയാത്ര' പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| (ബി) വൈകല്യങ്ങൾ തടയുന്നതിനും അതിന് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കു ന്നതിനും സമഗ്ര ബോധവൽക്കരണ പരിപാടികളും സാമൂഹിക വിദ്യാഭ്യാസ പരിപാടികളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) ഓട്ടിസം ബാധിച്ച കുട്ടികൾക്കായി മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്റർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്റർ സ്ഥാപിക്കുന്നതിന് G.O(Rt)No.5/2017/SJD dated 6.1.2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ഡി) അംഗപരിമിതർക്കായി സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി) സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അംഗപരിമിതർക്ക് പ്രതിവർഷം 2 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ നൽകുന്ന സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ ഗുണഭോക്തൃവിഹിതമായി 357/- രൂപ ന്യൂ ഇന്ത്യ ഇൻഷ്വുറൻസ് കമ്പനിക്ക് അടയ്ക്കേണ്ടതുണ്ട്. അന്ധത, കാഴ്ചക്കുറവ്, കുഷ്ഠരോഗം ചികിത്സിച്ച് മാറിയവർ, കേൾവി പ്രശ്നങ്ങൾ ഉള്ളവർ, ചലനവൈകല്യം, ബുദ്ധിമാന്ദ്യം, മാനസിക രോഗങ്ങൾ എന്നീ വിഭാഗത്തിൽ പെടുന്നവർക്കാണ് നിലവിൽ ഈ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്.<br><br>സംസ്ഥാനത്തെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357/- രൂപ സർക്കാർ നേരിട്ട് ഇൻഷ്വറൻസ് കമ്പനിക്ക് അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി ഈ |

| | |
|---|---|
| | വിഭാഗത്തിൽപ്പെടുന്ന ഒരു ലക്ഷം പേരുടെ വിഹിതമാണ് അടയ്ക്കുന്നത്. സംസ്ഥാന സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രോജക്ടായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസ് ആണ് സ്വാവലംബൻ ഇൻഷുറൻസ് പദ്ധതി ഏകോപിപ്പിക്കുന്നത്. 2017 മാർച്ച് മാസത്തിൽ തന്നെ ഇപ്രകാരമുള്ളവരെ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ